ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: പറവൂർ താലൂക്കിലും മറ്റുമുള്ള ചൗക്ക ഷെഡ്ഡുകൾ ജീർണ്ണിച്ചുകിടക്കുകയാണെന്നറിയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ചിലസ്ഥലങ്ങളിലെ ചൗക്കഷെഡ്ഡുകൾ ജീർണ്ണിച്ചുപോയിട്ടുണ്ട്. അതുകൊണ്ടാണ് ഗവൺമെണ്ടിനു ആവശ്യമുള്ളതൊഴിച്ച് ബാക്കിയുള്ള ചൌക്കഷെഡ്ഡുകൾ എല്ലാം കഴിയുന്നതും വേഗത്തിൽ ലേലം ചെയ്യുവിൽക്കുന്നതിനു് ഏർപ്പാടുചെയ്തിട്ടുള്ളതു്.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: എത്രയും വേഗത്തിൽ അവ ലേലം ചെയ്തു കൊടുക്കാൻ ഏർപ്പാടുചെയ്യുമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: തീർച്ചയായും. റവന്യൂബോർഡ് അതിനുവേണ്ട നടപടികൾ എടുത്തിട്ടുണ്ട്.

മായന്നൂർ വില്ലേജിലെ ജലസേചനപദ്ധതി

*൪൪൦. (൨൦) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) മായന്നൂർ വില്ലേജിലെ ജലസേചനപദ്ധതിക്കു് എത്ര സംഖ്യ എസ്റ്റിമേറ്റു് ചെയ്തിട്ടുണ്ടു്;

(ബി) അതിലെ വെള്ളംകൊണ്ടു് എത്ര ഏക്കർ മുണ്ടകനും ഇരുപ്പൂവും കൃഷി രക്ഷിക്കാമെന്നു കണക്കാക്കീട്ടുണ്ടു്;

(സി) ഈ സ്ഥലം പതിച്ചുകൊടുക്കാൻ ഗവൺമെണ്ടിനു് അപേക്ഷ കിട്ടുകയോ ആലോചിക്കുകയോ ചെയ്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അപേക്ഷകൻ ആരായിരുന്നു?

മരാമത്തും ഗതാഗതവും കൃഷിയുംവകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

(എ) ൪൦,൦൦൦ രൂപ.

(ബി) ഉദ്ദേശം ൫൦൦ ഏക്കർ മുണ്ടകൻനിലങ്ങൾ ഇരുപ്പൂവാക്കാം. ൪൦ ഏക്കർ ഇരുപ്പൂനിലങ്ങളിലെ ഉണക്കു് നീക്കുകയും ചെയ്യാം.

(സി) ഇല്ല.

(ഡി) ചോദ്യത്തിനു ഉത്തരം ആവശ്യമില്ല.

ഫുഡ് പ്രൊഡക്ഷൻ സ്കീം

*൪൪൫. (൨൫) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഫുഡ്പ്രൊഡക്ഷൻ സ്കീമിൽ എത്ര പണികൾ വടക്കാഞ്ചേരിയിൽ തുടങ്ങുവാൻ തീർച്ചയാക്കിയിട്ടുണ്ടു്;

(ബി) ആ തരം പദ്ധതികളുടെ പേരുകൾ പറയുവാൻ സദയമുണ്ടാകുമോ;

(സി) ഓരോ പദ്ധതിക്കും എത്ര ഉറുപ്പികവീതം ചെലവുവരുന്നതായിരിക്കുമെന്നു കണക്കാക്കിയിട്ടുണ്ടോ;

(ഡി) ഏതു പദ്ധതിക്കാണു് ഇപ്പോൾ ഇരുപ്പു നെൽകൃഷി ചെയ്യുന്ന സ്ഥലം അകപ്പെടുത്തേണ്ടതായി വരുന്നതു്;

(ഇ) അങ്ങിനെ അകപ്പെടുത്തുന്നതിന്റെ വിസ്തീർണ്ണം എന്തെന്നും അകപ്പെടുത്തുന്നതുകൊണ്ടു് ഇന്നത്തെ ഉല്പാദനത്തിൽ എത്ര പറ നെല്ലു് കുറവുവരുമെന്നും പറവാൻ സദയമുണ്ടാകുമോ;

LIBRARY ARCHIVES Kerala Legislative Assembly